Member for Kunnamkulam is met and met in the expeditious way as Sir Shanmukham as the Diwan has been pleased to confer. So, I do not formally move the resolution.

18. Taking of jubilant processions before places of public worship.

മിസ്റ്റർ വി. കെ. കുട്ടി.— "ക്ഷേത്രങ്ങളുടേയും, പള്ളികളുടേയും, മറ്റു ദേവാലയങ്ങളുടേയും പ്രാർത്ഥനാമന്ദിരങ്ങളുടേയും മുമ്പിൽക്കൂടി ഘോഷയാത്ര കൊണ്ടുപോകുന്നതു് എല്ലാവിധ വാദ്യഘോഷങ്ങളും നിറുത്തി വേണ്ടതാണെന്നു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ ഈ യോഗം മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെണ്ടിനോടു പ്രാപാശ ചെയ്യുന്നു."

മിസ്റ്റർ പ്രസിഡണ്ടു, സർ, ഭാരതഭൂമിയുടെ നാനാഭാഗത്തും നിമിഷംപ്രതിയെന്നപോലെ, ഘോഷയാത്രകളും പ്രദക്ഷിണങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു അനർത്ഥങ്ങൾക്കു് ഒരു കയ്യുംകണക്കുമില്ല. ഘോഷയാത്രകളുടെ ജനയിതാക്കളിലും അതിൽ പങ്കുകൊള്ളുന്നവരിലും മിക്കപേരും നിരക്ഷരന്മാരും വെറും ആഡംബരത്തിനും അനുകരണത്തിനും വേണ്ടി അപ്രകാരം വേഷംകെട്ടുന്നവരുമാണെന്നുള്ളതും ഏറ്റക്കുറെ പ്രസിദ്ധമായിട്ടുള്ള പരമാർത്ഥം തന്നെയാകുന്നു.

ദേവാലയങ്ങളുടെ പരിസരങ്ങളിൽ വാദ്യഘോഷങ്ങളോ, മറ്റുശബ്ദകോലാഹലങ്ങളോ ഉണ്ടാക്കരുതെന്നു മതാചാര്യന്മാർ പറയുന്നതിലെ തത്വത്തെക്കുറിച്ചാണു് ഞാനാമതു് അനേഷിക്കേണ്ടതു്. ഏതുമതക്കാരുടെയും ദേവാലയങ്ങൾ അവരുടെ ഭക്തിയോഗത്തിന്റെയോ, പ്രാർത്ഥനകളുടെയോ പരിശുദ്ധസങ്കേതങ്ങളാണെന്നുള്ളതിനു തർക്കമില്ല. ശാന്തി വിളയാടേണ്ട ഇടങ്ങളാകുന്നു ദേവാലയങ്ങൾ. ഹിന്ദുക്കളുടെ ദേവാലയങ്ങളിൽ ചെലും ചില പ്രത്യേക പൂജകൾക്കു വളരെ ശാന്തമായ ഗീതങ്ങളും വാദ്യങ്ങളും മാത്രമേ പാടുള്ളൂ എന്നാണു് അറിയപ്പെടുന്നതു്. മനോനിയന്ത്രണത്തെപ്പോലെ പ്രയാസമേറിയ ഒരു കാര്യവും ലോകത്തില്ല. "ആറ്റിലെ മണൽ എണ്ണിത്തിട്ടപ്പെടുത്താം, കാറ്റിനെ കയറുകൊണ്ടു കെട്ടിനിറുത്താം, മനസ്സാകുന്ന ക്രൂരനെ അവനവന്റെ ആത്മാവിൽ നിറുത്തുവാൻ സാധിക്കയില്ല." എന്നിങ്ങനെ ഒരു യോഗി ഘോഷിച്ചിരിക്കുന്നു. ഭാരതഭൂമിയുടെ വലിയ വേദാന്തമായ ഭഗവൽഗീതയിൽ മനോനിയന്ത്രണത്തെപ്പറ്റി ശ്രീകൃഷ്ണൻ അർജ്ജുനനോടു പറയുന്ന ഭാഗങ്ങൾ നമ്മളിൽ മിക്കവർക്കും അറിവുള്ളതാണല്ലോ. ഇസ്ലാം മതവും ക്രിസ്തുമതവും മറ്റുമതങ്ങളും ദേവാലയങ്ങളിലെ ശാന്തിഭാവത്തെ ഒരു വിധത്തിലും ഭേദിക്കരുതെന്നുള്ള തത്വത്തെ മുറുകെ പിടിച്ചുകൊണ്ടാണിരിക്കുന്നതു്. പരമ്പരയാ അനുഷ്ഠി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവരുന്ന ആചാരം കൊണ്ടു സുദൃഢവും മതവിശ്വാസത്തോടു ഇടകലർന്നതുമായ ഈ വൃത്തത്തിന്റെ ഭംഗം മിക്ക മതക്കാൎക്കും അസഹ്യമായിത്തീൎന്നിട്ടുള്ളതിൽ അത്ഭുതത്തിനവകാശമില്ല.

ഘോഷയാത്രകളും കല്യാണാദിഘോഷങ്ങളുമൊക്കെ വ്യക്തിഗതങ്ങളായ ഓരോ ആവശ്യങ്ങൾ മാത്രമാണു്. അവ ക്ഷണികങ്ങളും താൽക്കാലികങ്ങളുമാണെന്നും ആലോചിക്കുവാൻ വളരെ ബുദ്ധിവൈഭവമൊന്നും ചിലവുചെയ്യേണ്ടതുമില്ല. ഭാരതഭൂമിയുടെ നാനാഭാഗങ്ങളിലും ഇത്തരം ഘോഷയാത്രകൾ സമാധാനലംഘനം ചെയ്യുന്നതായി ഞാൻ പ്രസംഗമുഖത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. എന്തിനു അത്രദൂരം പോകുന്നു? നമ്മുടെ കൊച്ചിയിൽത്തന്നെ ഇത്തരം ഘോഷയാത്രകൾ വരുത്തിക്കൂട്ടുന്ന നാശങ്ങൾ ചില്ലറയാണോ? കുമ്പളങ്ങി ലഹള കേസ്സും മറ്റും നമ്മുടെ ഹൃദയമുകുരങ്ങളിൽനിന്നു മാഞ്ഞു തുടങ്ങീട്ടില്ലല്ലോ. സമുദായത്തിലെ പ്രമാണികളും വിദ്വാന്മാരും അറിഞ്ഞിട്ടല്ല ഈവക അനർത്ഥങ്ങൾ ഉണ്ടാകുന്നതെങ്കിലും സംഭവത്തിനുശേഷം അവരെല്ലാവരും മനസ്സുറിയാതെ ഈ അനർത്ഥത്തിന്റെ ഓരോ തല കയ്യിലെടുത്തു മത്സരിക്കേണ്ടിവന്നുപോകുന്നു.

പൂരക്കാവുകളിലെ ഘോഷയാത്രകളേയും പാട്ടകളേയും ഹിന്ദുക്കൾപോലും വെറുക്കുന്നു. മദ്യപിച്ചു മദോന്മത്തരായി പോകുന്ന ഒരു ക്രൂട്ടം ജനങ്ങൾ ഇതര മതക്കാരുടെ ദേവാലയ ഗോപുരങ്ങളെ സമീപിക്കുമ്പോൾ അവയെ അപമാനിക്കണമെന്നുള്ള മനഃപൂൎവ്വത്തോടുകൂടി ഗോഷ്ടികൾ കാണിക്കുകയും വാദ്യഘോഷങ്ങൾ മുഴക്കുകയും ചെയ്യുമ്പോൾ അതുമൂലം കഠിനഹൃദയന്മാരാകുന്നവർ, മനുഷ്യസഹജമായ വികാരത്തിനു വിധേയരായിപ്പോകുന്നുണ്ടെങ്കിൽ അതിൽ എന്തു് അസ്വാഭാവികതയാണുള്ളതു്? ഈ വക സംഗതികളെപ്പറ്റി മദ്ധ്യസ്ഥന്റെ നിലയിൽ ആലോചിക്കുന്നവരോടു് ഇതിലധികം പറയേണ്ടതായിട്ടില്ല.

നമ്മുടെ കരുണാനിധികളായ മഹാരാജാക്കന്മാർ, പണ്ടു പണ്ടേ എല്ലാ മതക്കാൎക്കും അവരവരുടെ വിശ്വാസപ്രകാരം അനുഷ്ഠിക്കുവാൻ വേണ്ട സൌകൎയ്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്. അനക്ഷരന്മാരും കോമാളികളുമാണു് ഘോഷയാത്രകളിലെ ഭ്രരിപക്ഷമെന്നു ഞാൻ പറഞ്ഞുവല്ലോ. യാതൊരു ഉത്തരവാദിത്വബോധവും ആദർശവും കൂടാതെ ജീവിതരംഗത്തിൽ നടനം ചെയ്യുന്ന അത്തരം ചെറുപ്പക്കാർ മുഖാന്തിരം നമ്മുടെ ഈ ചെറിയ രാജ്യം ഇനിയും വഷ്ണീയ മത്സരങ്ങളുടേയും മറ്റും വിളനിലമാക്കുവാൻ അനുവദിച്ചുകൂടാത്തതാകുന്നു. ഏതു മതക്കാൎക്കും അവരവരുടെ ദേവാലയങ്ങൾ ആരാധനീയങ്ങളാകുന്നു. അതുകൊണ്ടു് ഏതു ഘോഷയാത്രകളും ദേവാലയങ്ങളുടെ സന്നിധിയിൽ ചെല്ലുമ്പോൾ വാദ്യഘോഷം സ്വല്പനേരത്തേക്കു നിറുത്തേണ്ടതു് ന്യായാനുസാര

LIBRARY ARCHIVES Kerala Legislative Assembly

മെന്ന മാത്രമല്ല അതൊരു അപരിഹരണീയമായ മര്യാദയും കൂടിയാകുന്നു.

എല്ലാ ജനങ്ങളിലും ഈ വിവേകം വരുന്നില്ലെങ്കിൽ ജനങ്ങൾ തമ്മിൽ എന്നും ജീവനാശം വരെ വഴക്കിട്ടുനിൽക്കുന്ന ഇക്കാര്യത്തിൽ ഒരു സമാധാനമുണ്ടാക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാകുന്നു. ദൈവഭക്തന്മാരിൽ അഗ്രേസരനായ നമ്മുടെ മഹാരാജാവുതിരുമനസ്സിലെ കാലത്തു് ഇതിനെക്കുറിച്ചു് ഒരു വിളംബരം ഉണ്ടാകാതെ വരുകയില്ലെന്നു് ആശിക്കുന്നുണ്ടു്. അതുകൊണ്ടു് രാജ്യത്തിനും സമുദായങ്ങൾക്കും സമാധാനത്തേയും സന്തുഷ്ടിയേയും ഉണ്ടാക്കുന്ന ഈ പ്രമേയത്തിൽ എല്ലാ മാന്യസമാജികന്മാരുടേയും ആനുകൂല്യത്തെ അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

ഇന്നു കൊച്ചിരാജ്യത്തെന്നല്ല ഭാരതഭൂമി ഒട്ടുക്കു് ഈ വിഷയത്തിൽ സങ്കടമനുഭവിക്കുന്നവർ രണ്ടു സമുദായങ്ങൾമാത്രമാണു്. ഈ സംഗതി എത്രമാത്രം ഗൌരവമേറിയ ഒന്നാണെന്നു വടക്കേഇന്ത്യയിലെ സ്ഥിതിഗതികൾ നല്ലപോലെ മനസിലാക്കുവാൻ കഴിഞ്ഞിട്ടുള്ള നമ്മുടെ ബഹുമാനപ്പെട്ട ദിവാൻ പ്രസിദ്ധങ്ങളവർകൾക്കറിയാം.

പിന്നെ ഹിന്ദുദേവാലയങ്ങളിൽ വാദ്യഘോഷം നിറുത്താതെ മുഴക്കിക്കൊണ്ടിരിക്കണമെന്നു് ബഹുമാനപ്പെട്ട ഒരു മെമ്പർ എന്നോടു പറയുകയുണ്ടായി. പക്ഷെ ഈ പ്രമേയംകൊണ്ടു് അതിനു് യാതൊരു തടസ്ഥവും വരുന്നതല്ല. ഓരോരുത്തർ ഘോഷയാത്രയായി പോകുമ്പോൾ മറെറാരു ദേവാലയത്തിൻെറ മുമ്പിൽ വാദ്യഘോഷങ്ങൾ നിറുത്തി ആദരിച്ചു പോകണമെന്നാണു് ഈ പ്രമേയം കൊണ്ടു് ആവശ്യപ്പെട്ടതു്. ഇനി എനിക്കു പറയുവാനുള്ളതു് എൻെറ മറുപടി പ്രസംഗത്തിൽ ആയിക്കൊള്ളാമെന്നു വിചാരിക്കുന്നു.

Mr. K. M. Kunhi Moideen.— I second it.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, രണ്ടാമത്തെ കൗൺസിലിൽ ഞാൻ ഏതാണ്ടു് ഇതുപോലെയുള്ള ഒരു റസല്യൂഷൻ അവതരിപ്പിക്കുകയുണ്ടായി. വാദ്യം നിറുത്തണമെങ്കിൽ എല്ലാ ദേവാലയങ്ങളുടേയും മുൻപിൽ നിറുത്തണം, നിറുത്തേണ്ടെങ്കിൽ ഒരു ദേവാലയത്തിൻേറയും മുൻപിൽ നിറുത്തുവാൻ പാടില്ല എന്നാ ഒരു ഖണ്ഡിതമായ ശാസനം പുറപ്പെട്ടുവിക്കണമെന്നുള്ളതായിരുന്നു എൻെറ റസല്യൂഷൻ. ദേവാലയങ്ങളുടെ മുൻപിൽക്കൂടി വാദ്യഘോഷങ്ങൾ പോകുമ്പോൾ ദേവന്മാർക്കു് ഉപദ്രവമുണ്ടാകുമെന്നു വിശ്വാസക്കാരനല്ല ഞാൻ. പക്ഷെ, വേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിടത്തോളം വിവേകമില്ലാത്തതുകൊണ്ടു വരുന്ന വൈഷമ്യങ്ങളാണ് ഇതെല്ലാം. ഈ കാര്യത്തിലുള്ള അഭിമാനം എല്ലാ സമുദായക്കാർക്കും ഒരുപോലെ വേണം. ആത്മാഭിമാനഭംഗം ചിലർക്കും അഭിമാനം ചിലർക്കും എന്നു വരാൻ പാടില്ല.

The House rose for the day at 5 p. m.

B. V. KRISHNANKUTTY MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly